# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.332 30.11.2015 ന് മറുപടിയ്ക്ക്.

## ആന വേട്ട

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് വനപ്രദേശങ്ങളിൽ ചരിഞ്ഞ കാട്ടാനകൾ എത്രയാണ്; ഇതിൽ കൊമ്പനാനകൾ എത്ര; ആനവേട്ടയിൽ ചരിഞ്ഞ ആനകൾ എത്ര; സംസ്ഥാനത്ത് അവശേഷിക്കുന്ന ആനകൾ എത്രയാണെന്നതിന്റെ കണക്കുകൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വനപ്രദേശങ്ങളിൽ 386 കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. ഇതിൽ 118 എണ്ണം കൊമ്പനാനകളാണ് (4 കുട്ടിക്കൊമ്പനാനകൾ ഉൾപ്പെടെ). ഇതിൽ 33 ആനകൾ ആനവേട്ടയിൽ ചരിഞ്ഞു. 2012-ൽ നടത്തിയ എലിഫന്റ് സെൻസസിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 6177 ആനകളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ആനകളുടെ മരണം സംബന്ധിച്ച കേന്ദ്ര വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) ആനകളുടെ മരണം സംബന്ധിച്ച കേന്ദ്ര വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.